സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
നവംബർ–23, 2017 കരമന, തിരുവനന്തപുരം

**പത്രക്കുറിപ്പ്**

## ജി.എസ്.ടി.ആർ–3ബി റിട്ടേൺ തിരുത്താൻ അവസരം

തിരുവനന്തപുരം: ഫയൽ ചെയ്യാത്ത ജി.എസ്.ടി.ആർ–3ബി റിട്ടേൺ തിരുത്താനുള്ള അവസരം ജി.എസ്.ടി പോർട്ടലിൽ ലഭ്യമായിത്തുടങ്ങി എന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

ജി.എസ്.ടി.ആർ–3ബി റിട്ടേൺ തയ്യാറക്കി സമർപ്പിക്കുകയും എന്നാൽ ഫയലിംഗ് പൂർത്തിയാക്കാത്തതുമായ റിട്ടേണുകളിലെ തെറ്റുകളാണ് തിരുത്താനും കൂട്ടിച്ചേർക്കലുകൾ നടത്താനും അവസരമുള്ളത്.